**"CORRUPTION, A CRIME AGAINST NATION"**


വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393


തീയതി. 03.02.2025

# ലൊക്കേഷൻ സ്കെച്ചിന് കൈക്കൂലി:- വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് വിജിലൻസ് പിടിയിൽ.

ആലപ്പുഴ ജില്ലയിലെ പാതിരപ്പള്ളി വില്ലേജ് ഓഫീസിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റായ അനീസിനെ 1,000/- രൂപ കൈക്കൂലി വാങ്ങവേ ഇന്ന് (03.02.2025) വിജിലൻസ് പിടികൂടി.

പാതിരപ്പള്ളി, കാട്ടൂർ സ്വദേശിയായ പരാതിക്കാരന്റെ പാതിരപ്പള്ളി വില്ലേജ് പരിധിയിൽപ്പെട്ട 3 സെന്റ് വസ്തുവിന്റെ ലൊക്കേഷൻ സ്കെച്ച് ലഭിക്കുന്നതിന് ഇക്കഴിഞ്ഞ 27-ാം തിയതി പാതിരാപ്പള്ളി വില്ലേജ് ഓഫീസിൽ അപേക്ഷ നൽകിയിരുന്നു. തുടർന്ന് കഴിഞ്ഞ ചൊവ്വാഴ്ച വില്ലേജ് ഫീൽഡ് അസിസ്റ്റന്റായ അനീസ് സ്ഥലത്തെത്തി, വസ്തു അളന്ന ശേഷം ലൊക്കേഷൻ സ്കെച്ച് ലഭിക്കുന്നതിന് 200/-രൂപ ഫീസും 1,000/- രൂപ കൈക്കൂലിയും നൽകണമെന്ന് പറഞ്ഞു. പരാതിക്കാരൻ കഴിഞ്ഞ വ്യാഴാഴ്ച അനീസിനെ ഫോണിൽ വിളിച്ചപ്പോൾ ലൊക്കേഷൻ സ്കെച്ച് തയ്യാറായിട്ടുണ്ടെന്നും 200/- രൂപ ഫീസും 1,000/- രൂപ കൈക്കൂലിയും നൽകിയാൽ ലൊക്കേഷൻ സ്കെച്ച് നൽകാമെന്ന് പറഞ്ഞു. തുടർന്ന് പരാതിക്കാരൻ ഈ വിവരം ആലപ്പുഴ വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവെ ഇന്ന് (03.02.2025) ഉച്ചക്ക് 01:30 മണിയോട്ടുകൂടി പാതിരപ്പള്ളി സെന്റ് ആന്റണിസ് ചർച്ചിന് മുന്നിൽ വച്ച് പരാതിക്കാനിൽ നിന്നും 1,000/- രൂപ കൈക്കൂലി വാങ്ങവേ വില്ലേജ് ഫീൽഡ് അസിസ്റ്റന്റായ അനീസിനെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.